**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3547** **26-10-2021 - ൽ മറുപടിയ്ക്ക്**

**സർവ്വകലാശാലാ പരീക്ഷകൾക്ക് ഏകീകൃത കലണ്ടർ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ ,<br>ശ്രീ. അബ്ദുൽ ഹമീദ് പി,<br>ഡോ. എം.കെ . മുനീർ ,<br>ശ്രീ. യു.എ.ലത്തീഫ് | | Dr. R. Bindu<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | ഉന്നതവിദ്യാഭ്യാസരംഗം പരിഷ്കരിക്കുന്നതിനായി സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിനായി സ്വീകരിച്ചിട്ടുളള നടപടികൾ വ്യക്തമാക്കുമോ; | (എ) | സർവ്വകലാശാലാ നിയമങ്ങളിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അനുയോജ്യമായ ശിപാർശകൾ നൽകുന്നതിനായി ഡോ. എൻ.കെ. ജയകുമാർ (മുൻ വൈസ് ചാൻസലർ, നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ്) ചെയർമാനായി സർവ്വകലാശാല നിയമ പരിഷ്കാര കമ്മീഷൻ രൂപീകരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. |
| (ബി) | സർവ്വകലാശാലാ പരീക്ഷകൾക്ക് ഏകീകൃത കലണ്ടർ വേണമെന്ന ആവശ്യത്തിന്മേൽ സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികളെന്തെന്ന് വിശദമാക്കുമോ? | (ബി) | സംസ്ഥാനത്തെ സർവ്വകലാശാലകളിലെ പരീക്ഷാനടത്തിപ്പ് കാലാനുസൃതമായി പരിഷ്കരിക്കാനുള്ള നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് ഡോ. സി.റ്റി. അരവിന്ദകുമാർ അദ്ധ്യക്ഷനായി സർക്കാർ ഒരു നാലംഗ കമ്മീഷനെ നിയമിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത കമ്മീഷൻ സമർപ്പിക്കുന്ന റിപ്പോർട്ട് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ